QNo. 21 and 81 Deleted

103/2018

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **100077**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

## 103/2018

Maximum : 100 marks

Time : 1 hour and 15 minutes

1. താഴെ പറയുന്ന രാജ്യങ്ങളിൽ ഏതിനാണ് എഴുതപ്പെട്ട ഭരണഘടന ഇല്ലാത്തത്?
   - (A) അമേരിക്ക
   - (B) നേപ്പാൾ
   - (C) ഇന്ത്യ
   - (D) ഇംഗ്ലണ്ട്

2. ഇന്ത്യയിലെ സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ചത് എന്ന്?
   - (A) 1956
   - (B) 1966
   - (C) 1947
   - (D) 1951

3. താഴെ കൊടുത്തവയിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായ ഇന്ത്യൻ സംസ്ഥാനം :
   - (A) നാഗാലാന്റ്
   - (B) ത്രിപുര
   - (C) ആസ്സാം
   - (D) മണിപ്പൂർ

4. താഴെ കൊടുത്തവയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം അല്ലാത്തത് ഏത്?
   - (A) വിൻഡോസ് 98
   - (B) മൈക്രോസോഫ്റ്റ് ഓഫീസ് XP
   - (C) BSD Unix
   - (D) റെഡ്ഹാറ്റ് ലിനക്സ്

5. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനമെടുക്കുന്നത് താഴെ പറയുന്നവയിൽ ആരാണ്?
   - (A) കേന്ദ്ര ഗവൺമെന്റ്
   - (B) സംസ്ഥാന ഗവൺമെന്റ്
   - (C) ജില്ലാ ജഡ്ജി
   - (D) ഇലക്ഷൻ കമ്മീഷൻ

6. ഒരേ സമയം ക്ഷണിക്കപ്പെടാത്ത കുറേ പേർക്ക് അയക്കുന്ന ഇ-മെയിൽ സന്ദേശങ്ങൾ ______ എന്നറിയപ്പെടുന്നു.
   - (A) വോം (Worm)
   - (B) വൈറസ് (Virus)
   - (C) ത്രട്ട് (Threat)
   - (D) സ്പാം (Spam)

7. ആഗസ്റ്റ് 6 എന്ന ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ എന്തിനാണ് പ്രാധാന്യം നൽകേണ്ടത്?

(A) പരിസ്ഥിതി സംരക്ഷണം
(B) യുദ്ധ വിരുദ്ധ മനോഭാവം
(C) ശുചിത്വബോധം
(D) സ്വാതന്ത്ര്യസമര ചരിത്രം

8. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ പ്രസിഡന്റ് :

(A) പട്ടം താണുപിള്ള
(B) കെ. കേളപ്പൻ
(C) കെ. മാധവൻ നായർ
(D) കെ.പി. കേശവ മേനോൻ

9. താഴെ പറയുന്നവയിൽ കമ്പ്യൂട്ടറിന്റെ ഇൻപുട്ട് ഡിവൈസ് അല്ലാത്തത് :

(A) മൈക്രോഫോൺ
(B) കീബോർഡ്
(C) ജോയ്സ്റ്റിക്
(D) മോണിറ്റർ

10. കേരള വിദ്യാഭ്യാസവകുപ്പിന്റെ വിവരസാങ്കേതികവിദ്യയുടെ നടത്തിപ്പിനായി രൂപീകരിച്ച കമ്പനി :

(A) DIET
(B) SIET
(C) KITE
(D) IT @ School

11. ഇന്ത്യയിൽ വിവരാവകാശ നിയമം നടപ്പിലായത് എന്നു മുതൽ?

(A) 12 ഒക്ടോബർ 2005
(B) 15 ജൂൺ 2005
(C) 31 ഡിസംബർ 2005
(D) 21 ജൂൺ 2005

12. ഇന്ത്യൻ ഭരണഘടനയിൽ മൗലിക കടമകൾ എന്ന അദ്ധ്യായം ഉൾപ്പെടുത്താൻ ശുപാർശ ചെയ്ത കമ്മിറ്റി :

(A) സ്വരൺസിംഗ് കമ്മിറ്റി
(B) അശോക് മേത്ത കമ്മിറ്റി
(C) ഇന്ദ്രജിത്ത് ഗുപ്ത കമ്മിറ്റി
(D) രാജമാന്നാർ കമ്മിറ്റി

13. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ഉള്ള കോപ്പൻ ഹേഗ് ഉച്ചകോടി നടന്നതെന്ന്?

(A) 2008
(B) 2009
(C) 2010
(D) 2012

14. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട USB യുടെ മുഴുവൻ പേര് :

(A) Universal Security Block
(B) Universal Serial Bus
(C) United Serial Bus
(D) Ultra Security Block

15. താഴെ പറയുന്നവയിൽ UNO യുടെ പ്രധാന ഘടകം (organ) അല്ലാത്തതേത്?

(A) International Labour Organisation
(B) Security Council
(C) International Court of Justice
(D) General Assembly

16. SAARC പ്രവർത്തനങ്ങളുടെ നടത്തിപ്പിനും ഏകോപിപ്പിക്കുന്നതിനുമുള്ള സെക്രട്ടേറിയറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം :

(A) ഡാക്ക
(B) ന്യൂഡൽഹി
(C) കൊളംബോ
(D) കാട്മണ്ഡു

17. 'ആംനിസ്റ്റി ഇന്റർനാഷണൽ' ഏതു മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു?

(A) മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത
(B) പരിസ്ഥിതി സംരക്ഷണം
(C) മനുഷ്യാവകാശ സംരക്ഷണം
(D) ചരിത്രസ്മാരക സംരക്ഷണം

18. G-15 രാജ്യങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് സംഘടിച്ചിരിക്കുന്നത്?

(A) വികസ്വര രാജ്യങ്ങൾ
(B) ചേരി ചേരാ രാജ്യങ്ങൾ
(C) വികസിത രാജ്യങ്ങൾ
(D) ന്യൂക്ലിയർ ശക്തിയുള്ള രാജ്യങ്ങൾ

19. യുണൈറ്റഡ് നാഷൻസ് ഓർഗനൈസേഷൻ രൂപം കൊണ്ട സ്ഥലം :

(A) മോസ്കോ
(B) ലണ്ടൻ
(C) പാരീസ്
(D) സാൻ ഫ്രാൻസിസ്കോ

20. ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താത്ത ഭാഷ :

(A) ഉറുദു
(B) ഇംഗ്ലീഷ്
(C) സംസ്കൃതം
(D) ഹിന്ദി

21. ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് സാമ്പത്തിക നീതി ഉറപ്പു നൽകുന്നത് ഏതിലൂടെയാണ്?

Deleted

(A) മൗലികാവകാശം
(B) മൗലിക ഉത്തരവാദിത്ത്വങ്ങൾ
(C) നിർദ്ദേശക തത്ത്വങ്ങൾ
(D) പ്രിയാമ്പിൾ

22. ജാവാ പ്രോഗ്രാമിന് ലാംഗ്വേജിന്റെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി :

(A) Bill Board
(B) James Gosling
(C) James Smith
(D) Sabeer Bhatia

23. ജമ്മു-കാശ്മീരിന് പ്രത്യേക ഭരണഘടനാ പദവി നൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ :

(A) ആർട്ടിക്കിൾ 356
(B) ആർട്ടിക്കിൾ 170
(C) ആർട്ടിക്കിൾ 124
(D) ഇതിലൊന്നുമില്ല

24. ആർട്ടിക്കിൾ 359 പ്രകാരം ഇന്ത്യയിൽ നടപ്പാക്കിയ അടിയന്തരാവസ്ഥ ഏതു ഭരണഘടനാ പ്രൊവിഷനാണ് സസ്പെന്റ് ചെയ്തത്?

(A) ജുഡീഷ്യൽ റിവ്യൂ
(B) നിർദ്ദേശക തത്ത്വങ്ങൾ
(C) മൗലികാവകാശങ്ങൾ
(D) ഭേദഗതി രീതികൾ

25. 2017 ലെ വയലാർ അവാർഡ് ലഭിച്ച കൃതി :

(A) മനുഷ്യന് ഒരാമുഖം
(B) സുഗന്ധി എന്ന ആണ്ടാൾ ദേവനായകി
(C) ആരാച്ചാർ
(D) മഞ്ഞവെയിൽ മരണങ്ങൾ

26. താഴെ നൽകിയിരിക്കുന്നവയിൽ ചേരാത്ത ജോഡി ഏത്?

(A) പി.സി. കുട്ടികൃഷ്ണൻ - വിലാസിനി
(B) മാധവൻ നായർ - മാലി
(C) വി.പി. അയ്യപ്പൻ - കോവിലൻ
(D) എം.ആർ. നായർ - സഞ്ജയൻ

27. താഴെ പറയുന്നവരിൽ രാജ്യസഭാമെമ്പർ ആയി നോമിനേറ്റ് ചെയ്യപ്പെട്ട സ്പോർട്ട്സ്മാൻ :

(A) സച്ചിൻ ടെണ്ടുൽക്കർ
(B) വിരാട് കോലി
(C) സുരേഷ് ഗോപി
(D) പി.ടി. ഉഷ

28. SAARC കൂട്ടായ്മ രൂപീകരിച്ചതിന്റെ അടിസ്ഥാനം :

(A) രാഷ്ട്രീയ സഖ്യം
(B) പ്രാദേശിക സഹകരണം
(C) സാംസ്കാരിക പങ്കിടൽ
(D) സൈനിക തന്ത്രം

29. താഴെ പറയുന്നവയിൽ ഏതു ഭരണഘടനാ ഭേദഗതിയാണ് പഞ്ചായത്തുകളിലെ 1/3 ഭാഗം സ്ത്രീകൾക്കായി സംവരണം ചെയ്തത്?

(A) 73, 74
(B) 82, 83
(C) 74, 75
(D) 72, 73

30. താഴെ പറയുന്നവയിൽ ഏതു കമ്മിറ്റിയാണ് പഞ്ചായത്ത്‌രാജ് സമ്പ്രദായം നടപ്പാക്കാൻ നിർദ്ദേശിച്ചത്?

(A) പൂഞ്ചി സമിതി
(B) ബൽവന്ത്റായ് മേത്ത സമിതി
(C) സിഗ്‌വി സമിതി
(D) ഇതിലാരുമല്ല

31. 2017 ലെ വയലാർ അവാർഡ് നേടിയ കൃതി ഏത്?

(A) ആരാച്ചാർ
(B) മനുഷ്യന് ഒരാമുഖം
(C) സുഗന്ധി എന്ന ആണ്ടാൾ ദേവനായകി
(D) ജീവിതത്തിന്റെ പുസ്തകം

32. താഴെ കൊടുത്തിരിക്കുന്ന ക്രിയാപദങ്ങൾക്ക് യോജിച്ച ക്രമം തെരഞ്ഞെടുക്കുക :

a. നടക്കുന്നു b. നടക്കട്ടെ c. നടക്കാം d. നടക്കണം

(A)
a. നിർദ്ദേശക പ്രകാരം
b. വിധായക പ്രകാരം
c. നിയോജക പ്രകാരം
d. അനുജ്ഞായക പ്രകാരം

(B)
a. നിർദ്ദേശക പ്രകാരം
b. നിയോജക പ്രകാരം
c. അനുജ്ഞായക പ്രകാരം
d. വിധായക പ്രകാരം

(C)
a. നിയോജക പ്രകാരം
b. അനുജ്ഞായക പ്രകാരം
c. നിർദ്ദേശക പ്രകാരം
d. വിധായക പ്രകാരം

(D)
a. നിർദ്ദേശക പ്രകാരം
b. നിയോജക പ്രകാരം
c. വിധായക പ്രകാരം
d. അനുജ്ഞായക പ്രകാരം

33. കുട്ടികളുടെ നാടകമായ 'പ്ലാവിലത്തൊപ്പികൾ' ആരുടെ കൃതിയാണ്?

(A) ജി. ശങ്കരക്കുറുപ്പ്
(B) ജി. ശങ്കരപ്പിള്ള
(C) കെ.ജി. ശങ്കരപ്പിള്ള
(D) കെ.പി. ശങ്കരൻ

34. 'പോകാൻ വന്നു' എന്ന വാക്യത്തിൽ പോകാൻ എന്നത് ഏത് വിനയെച്ചമാണ്?

(A) പിൻ വിനയെച്ചം
(B) മുൻ വിനയെച്ചം
(C) നടു വിനയെച്ചം
(D) പാക്ഷിക വിനയെച്ചം

35. വൈലോപ്പിള്ളിയുടെ 'കുരുവികൾ', അക്കിത്തത്തിന്റെ 'സഞ്ചാരികൾ' എന്നീ കവിതാസമാഹാരങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) മുക്തകം
(B) ഖണ്ഡകാവ്യം
(C) ഗീതകം
(D) ഭാവഗീതങ്ങൾ

36. 'നാദതരംഗം' എന്ന പദം വിഗ്രഹിച്ചെഴുതുമ്പോൾ ലഭിക്കുന്ന ശരിയായ രൂപം ഏത്?

(A) നാദമാകുന്ന തരംഗം
(B) നാദമുള്ള തരംഗം
(C) നാദവും തരംഗവും
(D) നാദത്തിന്റെ തരംഗം

37. താഴെക്കൊടുത്തതിൽ ഡോ. എം.വി. വിഷ്ണു നമ്പൂതിരിയുടെതല്ലാത്ത കൃതിയേത്?

(A) ഫോക്‌ലോർ
(B) ഫോക്‌ലോർ നിഘണ്ടു
(C) നാടോടി വിജ്ഞാനീയം
(D) വടക്കൻ പാട്ടുകൾ ഒരു പഠനം

38. താഴെക്കൊടുത്തതിൽ ഭാഷയെ സംബന്ധിച്ച ശരിയായ ക്രമം ഏത്?

(A) വ്യക്തിഭാഷകൾ → ഭാഷ → ഭാഷാഭേദം
(B) ഭാഷാഭേദം → വ്യക്തിഭാഷകൾ → ഭാഷ
(C) ഭാഷാഭേദം → ഭാഷ → വ്യക്തിഭാഷകൾ
(D) വ്യക്തിഭാഷകൾ → ഭാഷാഭേദം → ഭാഷ

39. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" - ഈ വരികൾ ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

(A) ലീല
(B) കരുണ
(C) നളിനി
(D) ചണ്ഡാലഭിക്ഷുകി

40. 'ചർവ്വിതചർവ്വണം' എന്ന ശൈലിക്ക് യോജിച്ച അർത്ഥം തെരഞ്ഞെടുത്തെഴുതുക :

(A) ചർച്ച ചെയ്തതു തന്നെ ചർച്ചചെയ്യുക
(B) ചെയ്തതു തന്നെ ചെയ്യുക
(C) ചിന്തിച്ചതു തന്നെ ചിന്തിക്കുക
(D) പറഞ്ഞതു തന്നെ പറയുക

41. ശരിയായ ചിഹ്നം ചേർത്ത വാക്യം തെരഞ്ഞെടുത്തെഴുതുക :

(A) അച്ഛൻ : ശ്രീനാരായണ ഗുരു എന്താ പറഞ്ഞത്? "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നാണ്
(B) അച്ഛൻ : ശ്രീനാരായണ ഗുരു എന്താ? പറഞ്ഞത്? "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്നാണ്
(C) അച്ഛൻ : ശ്രീനാരായണ ഗുരു എന്താ പറഞ്ഞത്? "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്നാണ്
(D) അച്ഛൻ ; ശ്രീനാരായണ ഗുരു എന്താ പറഞ്ഞത്? "ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്" എന്നാണ്

42. കഥകളിയിലെ 'താമസ' കഥാപാത്രങ്ങൾക്ക് ഉപയോഗിക്കുന്ന വേഷം ഏതാണ്?

(A) കത്തി
(B) പച്ച
(C) കരി
(D) ചുവന്ന താടി

43. തല, വല എന്നീ പദങ്ങളിൽ 'ത', 'വ' എന്നിവ താഴെക്കൊടുത്തതിൽ ഭാഷാശാസ്ത്രപരമായി ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) സ്വനം
(B) സ്വനിമം
(C) ദ്വിസ്വരം
(D) രൂപിമം

44. നട്, കര്, എര് തുടങ്ങിയ ഭാഷയിലെ മൂലരൂപത്തെ ഏത് വിഭാഗത്തിൽപ്പെടുത്താം?

(A) പദം
(B) വാക്യം
(C) രൂപം
(D) ധാതു

45. ജാതീയമായ ഉച്ചനീചങ്ങൾക്കെതിരെ 'സമത്വസമാജം' എന്ന സംഘടന രൂപീകരിച്ച സാമൂഹ്യപരിഷ്കർത്താവ് ആര്?

(A) വൈകുണ്ഠസ്വാമി
(B) അയ്യൻകാളി
(C) സഹോദരൻ അയ്യപ്പൻ
(D) ചട്ടമ്പി സ്വാമികൾ

46. Identify the correctly spelt word :

(A) Tranquility
(B) Tranquillity
(C) Tranguility
(D) Tranquilitty

47. Choose the correct meaning of the underlined words :
The groom looked **extremely beautiful** on her wedding dress.

(A) Smart
(B) Nice
(C) Exquisite
(D) Merry

48. Pick out the most suitable word to fill the blank in the sentence given below :
The family ———————— consisted of mother and her two sons were very rich.

(A) That
(B) Who
(C) Which
(D) Where

49. Choose the suitable one from the following to get the meaning of the word underlined :

Raja used to **wear** his uniform neat and tidy always.

(A) Put off
(B) Put on
(C) Put out
(D) Put in

50. Pick out the most suitable set of words to fill the blanks :

The Trojan War is one ———— the most famous wars ———— the history.

(A) in, on
(B) of, for
(C) among, in
(D) of, at

51. Choose the sentence which does not convey the meaning of the given proverb :

**Forgiveness is the best revenge**

(A) To err is human. To forgive is divine
(B) Treat a person as the way he does
(C) Pardon the person who harms even
(D) Love one instead of taking revenge

52. Pick out the most appropriate set which gives the meaningful sentence :

a. Who is wearing the blue shirt
b. The boy who sells eggs.
c. Is my son
d. In the market

(A) b, c, d, a
(B) c, d, b, a
(C) a, d, b, c
(D) b, d, c, a

53. We often watch TV in the afternoon, ————

(A) Don't We?
(B) Do we?
(C) Are we?
(D) Will we?

54. Passive form of "Open the door" is :

(A) The door was opened by me
(B) Let the door opened
(C) Let the door be opened
(D) The door is opened by me

55. A ________ is a pair of lines in poetry that rhyme with each other.

(A) rhyme
(B) metaphor
(C) acrostic
(D) couplet

56. $2.5 \div .0005 =$

(A) 50
(B) 500
(C) 5000
(D) 5


57. 1 കി.ഗ്രാം പഞ്ചസാരയ്ക്ക് 40 രൂപയാണ് വില. എന്നാൽ 200 ഗ്രാം പഞ്ചസാരയുടെ വിലയെത്ര?

(A) 10 രൂപ
(B) 8 രൂപ
(C) 16 രൂപ
(D) 12 രൂപ

58. തന്നിരിക്കുന്ന ഭിന്ന സംഖ്യകളെ ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കുക :
$\frac{1}{4}, \frac{3}{5}, \frac{2}{3}, \frac{1}{2}$

(A) $\frac{1}{4} < \frac{1}{2} < \frac{2}{3} < \frac{3}{5}$
(B) $\frac{1}{4} < \frac{2}{3} < \frac{3}{5} < \frac{1}{2}$
(C) $\frac{1}{4} < \frac{2}{3} < \frac{1}{2} < \frac{3}{5}$
(D) $\frac{1}{4} < \frac{1}{2} < \frac{3}{5} < \frac{2}{3}$

59.



ചിത്രത്തിൽ ഷെയ്ഡ് ചെയ്തിരിക്കുന്ന സമചതുരത്തിന്റെ പരപ്പളവ് വലിയ സമചതുരത്തിന്റെ പരപ്പളവിന്റെ എത്ര ഭാഗമാണ്?

(A) $\frac{1}{4}$
(B) $\frac{1}{6}$
(C) $\frac{1}{5}$
(D) $\frac{1}{7}$

60. മൂന്നു മണികൾ യഥാക്രമം 8 മിനിട്ട്, 10 മിനിട്ട്, 12 മിനിട്ട് ഇടവേളകളിൽ മുഴങ്ങുന്നു. ഇവ മൂന്നും ഒരുമിച്ച് 6 am ന് മുഴങ്ങിയാൽ പിന്നീട് ഒരുമിച്ച് മുഴങ്ങുന്നതെപ്പോൾ?

(A) 8 am
(B) 8.30 am
(C) 9 am
(D) 10.30 am

61. തത്വരൂപീകരണത്തിന് ഏറ്റവും അനുയോജ്യമായ പഠനരീതിയാണ് :

(A) ആഗമന രീതി
(B) നിഗമന രീതി
(C) അപഗ്രഥന രീതി
(D) ഉദ്ഗ്രഥന രീതി

62. 8 ന്റെ ഗുണിതമായി വരുന്ന സംഖ്യ ഏത്?

(A) 23828
(B) 23288
(C) 23882
(D) 28823

63. 20 കുട്ടികളുള്ള ഒരു ക്ലാസ്സിലെ ശരാശരി വയസ്സ് 10. ടീച്ചറുടെ വയസ്സും കൂടി കൂട്ടിയാൽ ക്ലാസ്സിലെ ശരാശരി 2 കൂടും. ടീച്ചറുടെ വയസ്സെത്ര?

(A) 42
(B) 28
(C) 40
(D) 52

64. ഒരു വ്യാപാരി സാധനങ്ങൾക്ക് 30% വില കൂട്ടിയിട്ടു. പിന്നീട് 20% ഡിസ്കൗണ്ട് നൽകി. വിൽപന നടന്നാൽ വ്യാപാരിക്ക് ലാഭമോ നഷ്ടമോ? എത്ര ശതമാനം?

(A) 10% നഷ്ടം
(B) 4% നഷ്ടം
(C) 4% ലാഭം
(D) 10% ലാഭം

65. ഒരു നീന്തൽകുളത്തിന് 25 മീറ്റർ നീളവും 10 മീറ്റർ വീതിയും 2 മീറ്റർ ആഴവുമുണ്ട്. ഇതിൽ പകുതി ഉയരത്തിൽ വെള്ളമുണ്ടെങ്കിൽ എത്ര ലിറ്റർ വെള്ളമുണ്ടാകും?

(A) 250 ലിറ്റർ
(B) 250000 ലിറ്റർ
(C) 2500 ലിറ്റർ
(D) 25000 ലിറ്റർ

66. ഇലക്ട്രോ നെഗറ്റിവിറ്റി ഏറ്റവും കൂടുതലുള്ള മൂലകം ഏത്?

(A) പൊട്ടാസ്യം (B) ക്ലോറിൻ

(C) സോഡിയം (D) ഫ്ലൂറിൻ

67. സോഡിയം ക്ലോറൈഡ് ലായനിയെ പ്ലാറ്റിനം ഇലക്ട്രോഡുകൾ ഉപയോഗിച്ച് വൈദ്യുത വിശ്ലേഷണം ചെയ്താൽ കാഥോഡിൽ ലഭിക്കുന്ന പദാർത്ഥം ഏത്?

(A) സോഡിയം (B) ഹൈഡ്രജൻ

(C) ക്ലോറിൻ (D) ഓക്സിജൻ

68. ഗ്ലൂക്കോസിന്റെ മോളിക്യുലാർ മാസ് (തന്മാത്രാ ഭാരം) 180 ആണ്. 0.5 മോളാർ 500 mL ഗ്ലൂക്കോസ് ലായനി തയ്യാറാക്കാൻ എത്ര ഗ്രാം ഗ്ലൂക്കോസ് ആവശ്യമാണ്?

(A) 45 (B) 90

(C) 180 (D) 360

69. താഴെക്കൊടുത്തിരിക്കുന്നവയിൽ സ്വേദനം മുഖേന ശുദ്ധീകരിക്കുന്ന ലോഹം ഏത്?

(A) ടിൻ (B) കോപ്പർ

(C) സിങ്ക് (D) അലൂമിനിയം

70. മെതനോൾ (തിളനില 65°C), എതനോൾ (തിളനില 78°C) ഇവ പരസ്പരം കലരുന്ന രണ്ട് ദ്രാവകങ്ങൾ ആണ്. ഇവ അടങ്ങിയ മിശ്രിതത്തിൽ ഘടകങ്ങളെ വേർതിരിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം ഏത്?

(A) ബാഷ്പീകരണം (B) അംശികസ്വേദനം

(C) സെപ്പറേറ്റിംഗ് ഫണൽ ഉപയോഗിച്ച് (D) സെൻട്രിഫ്യൂഗേഷൻ

71. 2 മോൾ കാർബൺ ഡൈ ഓക്സൈഡിന് STP യിൽ എത്ര ലിറ്റർ വ്യാപ്തം ഉണ്ടാകും?

(A) 67.2 (B) 44.8

(C) 22.4 (D) 11.2

72. ഇന്ത്യയിൽ കൂടുതൽ കണ്ടൽ വനമുള്ള സംസ്ഥാനം ഏത്?

(A) പശ്ചിമബംഗാൾ
(B) കേരളം
(C) മദ്ധ്യപ്രദേശ്
(D) തെലുങ്കാന

73. മനുഷ്യശരീരത്തിലെ വലിയ അന്തഃസ്രാവി ഗ്രന്ഥി ഏത്?

(A) തൈമസ്
(B) പാരാ തൈറോയിഡ്
(C) പിറ്റ്യൂട്ടറി
(D) തൈറോയിഡ്

74. പ്രകാശസംശ്ലേഷണം നടക്കുന്നതിന് ക്ലോറോഫിൽ ആവശ്യമാണ്. ക്ലോറോഫിലിൽ അടങ്ങിയിരിക്കുന്ന ലോഹം :

(A) ഇരുമ്പ്
(B) സിങ്ക്
(C) മഗ്നീഷ്യം
(D) സോഡിയം

75. രക്തപര്യയന വ്യവസ്ഥ കണ്ടെത്തിയ ശാസ്ത്രജ്ഞൻ :

(A) ഡോ. ക്രിസ്റ്റ്യൻ ബർണാഡ്
(B) വില്യം ഹാർവി
(C) ലൂസിയൻ ക്രൂനോട്ട്
(D) വാട്സണും ക്രിക്കും

76. ഇന്ത്യ ഏറ്റവും ദീർഘമായി അന്താരാഷ്ട്ര അതിർത്തി പങ്കിടുന്ന രാജ്യം :

(A) ചൈന
(B) പാക്കിസ്ഥാൻ
(C) ബംഗ്ലാദേശ്
(D) നേപ്പാൾ

77. 'ഐ.ആർ. 20' 'രത്ന' എന്നീ വിത്തിനങ്ങൾ ഏത് കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഗോതമ്പ്
(B) നെല്ല്
(C) പരുത്തി
(D) കരിമ്പ്

78. അന്തരീക്ഷത്തിന്റെ ഏത് തട്ടിലാണ് 'ഓസോൺ പാളി' സ്ഥിതിചെയ്യുന്നത്?

(A) സ്ട്രാറ്റോസ്ഫിയർ
(B) അയണോസ്ഫിയർ
(C) ട്രോപ്പോസ്ഫിയർ
(D) മീസോസ്ഫിയർ

79. ഇന്ത്യയിൽ ഭൂപരിഷ്കരണത്തിന്റെ ലക്ഷ്യമല്ലാത്തത്?

(A) ഇടനിലക്കാരെ ഒഴിവാക്കൽ

(B) കാർഷിക മേഖലയെ പുനഃസംഘടിപ്പിക്കൽ

(C) കുടിയായ്മ പരിഷ്കാരങ്ങൾ

(D) കാർഷികോൽപന്നങ്ങൾക്ക് കമ്പോളം സജ്ജീകരിക്കൽ

80. ജനാധിപത്യത്തിന്റെ വിജയം നിശ്ചയിക്കുന്ന ഘടകം :

(A) ഉയർന്ന ജനസംഖ്യ (B) മതവിശ്വാസമുള്ള ജനത

(C) സഹിഷ്ണുതയുള്ള ജനത (D) കുറഞ്ഞ ജനസംഖ്യ

81. സാമൂഹ്യശാസ്ത്രത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്ന പ്രസ്താവന :

Deleted

(A) ലോകത്തോളം വിസ്തൃതമായ സാധ്യത ഉൾക്കൊള്ളുന്നു

(B) വ്യക്തിബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നു

(C) മനുഷ്യവികാസത്തിന്റെ ഘട്ടങ്ങളെ പ്രതിപാദിക്കുന്നു

(D) വിവിധ വിഷയങ്ങളെ ഉൾക്കൊള്ളുന്നു

82. ആർട്ടിക്കിൾ 21 A പ്രകാരം വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഭരണഘടനാ ഭേദഗതി :

(A) 2000 ത്തിലെ 81-ാം ഭരണഘടനാ ഭേദഗതി (B) 2002 ലെ 86-ാം ഭരണഘടനാ ഭേദഗതി

(C) 2004 ലെ 88-ാം ഭരണഘടനാ ഭേദഗതി (D) 2011 ലെ 96-ാം ഭരണഘടനാ ഭേദഗതി

83. സാമൂഹ്യശാസ്ത്ര പഠനരീതികളിൽ വിശകലന സാധ്യത കൂടുതലുള്ളത് :

(A) റോൾപ്ലേ (B) ലക്ചർ രീതി

(C) ഡിസ്കഷൻ രീതി (D) പ്രോജക്ട് രീതി

84. ആദ്യം രൂപപ്പെട്ടത് ഒന്നാമത് എന്ന ക്രമത്തിൽ താഴെ നൽകിയിരിക്കുന്ന പ്രസ്ഥാനങ്ങളുടെ ശരിയായ ക്രമം കണ്ടെത്തുക :

(i) ആത്മവിദ്യാസംഘം (ii) സമത്വസമാജം

(iii) മുസ്ലീം ഐക്യ സംഘം (iv) സഹോദരസംഘം

(A) (i), (ii), (iii), (iv) (B) (ii), (i), (iv), (iii)

(C) (i), (iv), (iii), (ii) (D) (ii), (iv), (i), (iii)

85. ആഗോളവൽക്കരണത്തിന്റെ ഫലങ്ങളിൽ ഉൾപ്പെടാത്തത് :

(A) സാമ്പത്തിക സമത്വം വർദ്ധിച്ചു
(B) ഉല്പാദകർ തമ്മിൽ മത്സരം വർദ്ധിച്ചു
(C) ജനങ്ങൾ തമ്മിൽ സൗഹൃദം വർദ്ധിച്ചു
(D) വിഭവങ്ങളുടെ ചൂഷണം വർദ്ധിച്ചു

86. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC) ഓരോ സ്കൂളിലും രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിച്ചത് ________________ ആണ്.

(A) രാധാകൃഷ്ണൻ
(B) കോത്താരി കമ്മീഷൻ
(C) വിദ്യാഭ്യാസ അവകാശ നിയമം - 2009
(D) ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷൻ

87. "നാം ഒരു ചെടി വളർത്തുമ്പോൾ ചെയ്യുന്ന കാര്യങ്ങളിൽ കൂടുതലായി ഒന്നും ഒരു കുട്ടിയെ പഠിപ്പിക്കുമ്പോഴും ചെയ്യാൻ കഴിയില്ല" - ഇങ്ങനെ അഭിപ്രായപ്പെട്ടത് ആരാണ്?

(A) സ്വാമി വിവേകാനന്ദൻ
(B) ജോൺ ഡ്യൂയി
(C) രവീന്ദ്രനാഥ ടാഗോർ
(D) ഗാന്ധിജി

88. 'ആയാസ രഹിതമായ പഠനം' (Learning without Burden) എന്ന പേരിൽ സർക്കാരിന് പഠന റിപ്പോർട്ട് സമർപ്പിച്ചത് ഏതു സമിതിയാണ്?

(A) മുതലിയാർ കമ്മീഷൻ
(B) യശ്പാൽ കമ്മിറ്റി
(C) സാർജന്റ് കമ്മിറ്റി
(D) ഹാർട്ടോഗ് കമ്മീഷൻ

89. ഉന്നത വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള കേന്ദ്ര പദ്ധതി ________________ എന്ന് അറിയപ്പെടുന്നു.

(A) RMSA
(B) SSA
(C) SSAS
(D) RUSA

90. 1986-ലെ ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെടുത്താൻ കഴിയാത്ത വസ്തുത ഏത്?

(A) നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ശുപാർശ നൽകി
(B) ഓരോ ജില്ലയിലും ഡയറ്റ് (DIET - District Institute of Education and Training) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചു
(C) വിദൂര വിദ്യാഭ്യാസത്തിന് പ്രത്യേകം ഊന്നൽ നൽകി
(D) സ്കൂൾ കോംപ്ലക്സ് (School Complex) എന്ന ആശയം മുന്നോട്ടു വച്ചു

91. ക്ലാസ്സിലെ കുട്ടികളെ ചെറുഗ്രൂപ്പുകളായി ഇരുത്തിയുള്ള പഠന പ്രക്രിയയെ ശക്തമായി പിന്തുണയ്ക്കുന്ന പഠനസമീപനം ഏതാണ്?

(A) വ്യവഹാര വാദം
(B) ജ്ഞാന നിർമ്മിതി വാദം
(C) സാമൂഹ്യ ജ്ഞാന നിർമ്മിതി വാദം
(D) വിവര വിശകലന സമീപനം

92. ഒന്ന്, രണ്ട് ക്ലാസ്സുകളിലെ ഉദ്ഗ്രഥിത പഠന രീതിയെ ഏതു പഠന സമീപനവുമായി ബന്ധപ്പെടുത്താം?

(A) സാമഗ്ര്യ വാദം
(B) സാമൂഹ്യ വൈജ്ഞാനിക വാദം
(C) മാനവികതാ വാദം
(D) സംബന്ധ വാദം

93. 'സമീപസ്ഥ വികാസ മണ്ഡലം' (Zone of Proximal Development - ZPD) എന്ന ആശയം മുന്നോട്ടു വച്ചതാര്?

(A) പൗലോ ഫ്രെയർ
(B) നോം ചോസ്കി
(C) തോൺഡേക്ക്
(D) വൈഗോഡ്സ്കി

94. താരതമ്യം, വർഗ്ഗീകരണം തുടങ്ങിയ പ്രക്രിയാശേഷികൾ താഴെ പറയുന്നവയിൽ ഏതു വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഭാഷാപഠനം
(B) കലാപഠനം
(C) കായിക വിദ്യാഭ്യാസം
(D) പരിസരപഠനം

95. കേരളത്തിലെ പ്രൈമറി പാഠ്യപദ്ധതിയിൽ ഭാഷാപഠനത്തിന് സ്വീകരിച്ചിരിക്കുന്ന രീതി ഏതാണ്?

(A) ആശയാവതരണ രീതി
(B) അക്ഷരാവതരണ രീതി
(C) പദാവതരണ രീതി
(D) പുസ്തകാവതരണ രീതി

96. താഴെ കൊടുത്തിരിക്കുന്നവയിൽ വികാസ തത്വങ്ങളുമായി യോജിക്കാത്ത പ്രസ്താവന ഏതാണ്?

(A) വികാസം ഒരു ആന്തരിക പ്രക്രിയയാണ്
(B) വികാസം പ്രവചനീയമാണ്
(C) വികാസം എല്ലാ ശരീരഭാഗങ്ങൾക്കും ഒരേ നിരക്കിൽ നടക്കുന്നു
(D) വികാസം ക്രമീകൃതമാണ്

97. മനോവിശ്ലേഷണ സിദ്ധാന്തം (Psycho Analysis Theory) താഴെ പറയുന്നവരിൽ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ആൽപ്പോർട്ട്
(B) സിഗ്മണ്ട് ഫ്രോയിഡ്
(C) കാൾ റോജേഴ്സ്
(D) പാവ്‌ലോവ്

98. കൗൺസിലിങ്ങിനായി വരുന്ന വ്യക്തിയുടെ പ്രശ്നം മനസ്സിലാക്കുന്നതിന് താഴെ പറയുന്നവയിൽ ഏതു രീതിയാണ് ഒരു കൗൺസിലറെ ഏറ്റവും സഹായിക്കുക?

(A) വ്യക്തിയെ നിരീക്ഷിച്ചു കൊണ്ടിരിക്കുക
(B) ചില ചോദ്യങ്ങളിലൂടെ പ്രശ്നം കണ്ടെത്തുക
(C) നേരിട്ട് പ്രശ്നമെന്താണെന്ന് ആരായുക
(D) തുറന്നു സംസാരിക്കാനുള്ള അവസരം ഒരുക്കുക.

99. 'സന്തുലിതാവസ്ഥ നിലനിർത്താനുള്ള വൈജ്ഞാനിക മണ്ഡലത്തിന്റെ ശ്രമമാണ് പഠനം സാധ്യമാക്കുന്നത്' - ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ തന്റെ പഠനസിദ്ധാന്തം ആവിഷ്ക്കരിച്ചതാരാണ്?

(A) ജീൻ പിയാഷെ
(B) ഗാഗ്നെ
(C) സ്കിന്നർ
(D) ജെറോം എസ് ബ്രൂണർ

100. ടീച്ചർ ക്ലാസ്സിൽ കാണിച്ച ഒരു ചിത്രത്തെ കുട്ടികൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നത് ____________ ൽ ഉള്ള വ്യത്യാസം മൂലമാണ്.

(A) സംവേദനം (Sensation)
(B) പ്രത്യക്ഷണം (Perception)
(C) ആശയരൂപീകരണം (Concept formation)
(D) സാമാന്യവത്ക്കരണം (Generalisation)